ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE:03.04.2024 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള പ്രചാരണം രാജ്യത്ത് ശക്തമായി പുരോഗമിക്കുന്നു. മണ്ഡല പര്യടനം തുടർന്ന് പ്രമുഖ നേതാക്കൾ.

   **Campaigns for LS election gains momentum across the country. Senior leaders of major political parties are campaigning in different states.**

   കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പിനായി നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി നാളെ അവസാനിക്കാനിരിക്കേ നിരവധി പ്രമുഖ സ്ഥാനാർത്ഥികൾ ഇന്ന് പത്രിക നൽകി.

   **In Kerala, with the filing of nomination concluding tomorrow, many prominent candidates filed nomination today.**

2. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ 2024-ൽ, 7.5 ശതമാനമായി വളർച്ച കൈവരിക്കുമെന്ന് ലോകബാങ്ക്.

   **The Indian economy is projected to grow at 7.5 per cent in 2024, says World Bank.**

3. എസ്.എസ്.എൽ.സി, ഹയർസെക്കന്ററി പരീക്ഷകളുടെ മൂല്യനിർണയ ക്യാമ്പിന് സംസ്ഥാനത്ത് തുടക്കം.

   **SSLC, Higher Secondary valuation camps begins in Kerala today.**

4. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപ്പിറ്റൽസ് - കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

   **In IPL cricket, Delhi Capitals to take on Kolkata Knight Riders, this evening.**

5. ശക്തമായ ഭൂകമ്പത്തെ തുടർന്ന് തായ്‌വാൻ മേഖലയിൽ സുനാമി മുന്നറിയിപ്പ്.

**A powerful earthquake measuring 7.4 the Richter Scale hit Taiwan's eastern shores today, triggering tsunami warnings in the region.**

&&&&&&&&&&&&&&&&

# HEADLINE – 2

# REV. 2ND PHASE NOTIFICATION

കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പിനായി നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി നാളെ അവസാനിക്കാനിരിക്കേ നിരവധി പ്രമുഖ സ്ഥാനാർത്ഥികൾ ഇന്ന് പത്രിക സമർപ്പിച്ചു. കോഴിക്കോട് എൽ.ഡി.എഫ് സ്ഥാനാർഥി എളമരം കരീമും, വടകരയിൽ എൽ.ഡി.എഫ് സ്ഥാനാർഥി കെ കെ ഷൈലജയും ഇന്ന് പത്രിക സമർപ്പിച്ചു. ആറ്റിങ്ങൽ മണ്ഡലത്തിൽ എൽ ഡി എഫ് സ്ഥാനാർത്ഥി വി ജോയ് ഇന്ന് പത്രിക നൽകി. യു ഡി എഫ് സ്ഥാനാർത്ഥി അടൂർ പ്രകാശ് നാളെ പത്രിക സമർപ്പിക്കും. കൊല്ലം ലോക്സഭാ മണ്ഡലത്തിലെ എൻ.ഡി.എ. സ്ഥാനാർത്ഥി ജി. കൃഷ്ണകുമാർ നാമനിർദ്ദേശപത്രിക സമർപ്പിച്ചു. യുഡിഎഫ് സ്ഥാനാർത്ഥി എൻ.കെ. പ്രേമചന്ദ്രൻ, നാളെ ഉച്ചയ്ക്ക് പത്രിക സമർപ്പിക്കും. പത്തനംതിട്ട മണ്ഡലത്തിൽ യു.ഡി.എഫ് സ്ഥാനാർഥി ആന്റോ ആൻറണി പത്രിക സമർപ്പിച്ചു. എൻ.ഡി.എ സ്ഥാനാർഥി അനിൽ കെ. ആന്റണിയും അല്പസമയത്തിനകം പത്രിക നൽകും. കോട്ടയം മണ്ഡലത്തിലെ എൽഡിഎഫ് സ്ഥാനാർഥി തോമസ് ചാഴി കാടൻ, എൻഡിഎ സ്ഥാനാർഥി തുഷാർ വെള്ളാപ്പള്ളി എന്നിവർ ഇന്നു പത്രിക നൽകി. യുഡിഎഫ് സ്ഥാനാർത്ഥി കെ ഫ്രാൻസിസ് ജോർജ് നാളെ പത്രിക സമർപ്പിക്കും. എറണാകുളം ലോക്സഭാ മണ്ഡലം എൽഡിഎഫ് സ്ഥാനാർത്ഥി കെ ജെ ഷൈൻ നാമ നിർദ്ദേശ പത്രിക

സമർപ്പിച്ചു. കാസർഗോഡ് മണ്ഡലത്തിൽ യുഡിഎഫ് സ്ഥാനാർത്ഥി രാജ്മോഹൻ ഉണ്ണിത്താൻ, എൽഡിഎഫ് സ്ഥാനാർഥി എം വി ബാലകൃഷ്ണൻ എന്നിവർ പത്രിക നൽകി. കണ്ണൂർ പാർലമെന്റ് മണ്ഡലത്തിൽ എൽ.ഡി.എഫ് സ്ഥാനാർത്ഥി എം.വി.ജയരാജനും, എൻ.ഡി.എ സ്ഥാനാർത്ഥി സി. രഘുനാഥും ഇന്ന് പത്രിക നൽകി. വയനാട്ടിൽ എൽഡിഎഫ് സ്ഥാനാർത്ഥി ആനിരാജ ഇന്ന് പത്രിക നൽകി. സിറ്റിംഗ് എംപിയും യു ഡി എഫ് സ്ഥാനാർഥിയുമായ രാഹുൽ ഗാന്ധി അൽപസമയത്തിനകം പത്രിക സമർപ്പിക്കും.

&&&&&&&&&&&&&&&&

## STATE CAMPAIGN

സംസ്ഥാനത്ത് തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി മുന്നേറുകയാണ്. മുഖ്യമന്ത്രിയും മുതിർന്ന സിപിഐഎം നേതാവുമായ പിണറായി വിജയൻ ഇന്ന് ഇടുക്കിയിൽ എൽഡിഎഫ് പ്രചാരണയോഗങ്ങളിൽ പങ്കെടുക്കുന്നുണ്ട്. മുതിർന്ന കോൺഗ്രസ് നേതാവും വയനാട് സ്ഥാനാർത്ഥിയുമായ രാഹുൽ ഗാന്ധി ഇന്ന് കൽപ്പറ്റയിൽ റോഡ്ഷോ നടത്തി. കേരളത്തിൽ മറ്റന്നാളാണ് നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന. പത്രികകൾ പിൻവലിക്കാൻ ഈ മാസം എട്ട് വരെയാണ് സമയം.

&&&&&&&&&&&&&&&&

## HEADLINE – 1

## FIRST PHASE ELECTION

ഒന്നാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള പ്രചാരണം രാജ്യത്ത് ആവേശകരമായി പുരോഗമിക്കുന്നു. വിവിധ രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കളും താരപ്രചാരകരും മണ്ഡലങ്ങളിൽ പര്യടനം തുടരുകയാണ്.

പ്രധാനമന്ത്രിയും മുതിർന്ന ബി.ജെ.പി നേതാവുമായ നരേന്ദ്രമോദി ഇന്നലെ രാജസ്ഥാനിലും ഉത്തരാഖണ്ഡിലും പ്രചാരണയോഗങ്ങളെ അഭിസംബോധന ചെയ്യു. രാജസ്ഥാൻ മുൻ മുഖ്യമന്ത്രി അശോക് ഗെലോട്ട്, കോൺഗ്രസ് സംസ്ഥാന പ്രസിഡൻറ് ഗോവിന്ദ് സിങ്ങ് ദോട്ടസാര ഉൾപ്പെടെയുള്ള നേതാക്കൾ ജോധ്പൂരിലടക്കം തെരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യു. മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ അമിത്ഷാ ബാംഗ്ലൂർ റൂറൽ മണ്ഡലത്തിലും, കർണാടക മുഖ്യമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ സിദ്ധരാമയ്യ മൈസൂരിലും പ്രചാരണ യോഗങ്ങളെ അഭിസംബോധന ചെയ്യു.

&&&&&&&&&&&&&&&&

## CONGRESS CANDIDATES

ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള 17 സ്ഥാനാർത്ഥികളുടെ പട്ടിക കോൺഗ്രസ് ഇന്നലെ പുറത്തിറക്കി. മുൻ കേന്ദ്രമന്ത്രി എം.എം.പള്ളം രാജുവിനെ കാക്കിനാഡ ലോക്സഭാ മണ്ഡലത്തിലും ആന്ധ്രാപ്രദേശ് കോൺഗ്രസ് അധ്യക്ഷ വൈ.എസ്. ഷർമിള റെഡ്ഡി കഡപ്പയിലും മത്സരിക്കും. മുൻ കേന്ദ്രമന്ത്രി താരിഖ് അൻവർ ബിഹാറിലെ കതിഹാർ ലോക്സഭാ മണ്ഡലത്തിൽ നിന്നും അമീർ ചന്ദ് നായക് ഒഡീഷയിലെ കാണ്ഡമാലിൽ നിന്നും മത്സരിക്കും.

&&&&&&&&&&&&&&&&

## EC - LAW & ORDER

വിവിധ സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിലെ നിയമനിർവഹണ ഏജൻസികളുമായി തെരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് യോഗം ചേരും. രാജ്യത്തെ

സുരക്ഷാ സാഹചര്യങ്ങൾ, സംസ്ഥാന - അന്താരാഷ്ട്ര അതിർത്തികളിൽ സ്വീകരിച്ച നിരീക്ഷണ നടപടികൾ എന്നിവ യോഗം വിലയിരുത്തും. വരാനിരിക്കുന്ന തെരഞ്ഞെടുപ്പുകളിൽ മെച്ചപ്പെട്ട സാഹചര്യം ഉറപ്പാക്കുന്നതിന് സഹായിക്കുന്ന വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ആറ് സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രത്യേക നിരീക്ഷകരെ ഇന്നലെ നിയമിച്ചിരുന്നു. കൂടാതെ ആന്ധ്രാ, കർണാടക, തമിഴ്നാട്, ഉത്തർപ്രദേശ്, ഒഡീഷ എന്നീ സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് ചെലവ് നിരീക്ഷിക്കുന്നതിനായി പ്രത്യേക നിരീക്ഷകരെയും കമ്മീഷൻ വിന്യസിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

## MYTH VS REALITY REGISTER

തെരഞ്ഞെടുപ്പിൽ തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നത് തടയാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ `മിത്ത് വേഴ്സസ് റിയാലിറ്റി` രജിസ്റ്റർ പുറത്തിറക്കി. വിവരങ്ങൾ പരിശോധിക്കാനും തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നത് തടയാനും മിഥ്യകൾ ഇല്ലാതാക്കാനും പ്രധാന കാര്യങ്ങളെക്കുറിച്ച് അറിയാനും ഈ പ്ലാറ്റ്ഫോം ഉപയോഗിക്കാമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. തിരഞ്ഞെടുപ്പ് കമ്മീഷൻറെ ഔദ്യോഗിക വെബ്സൈറ്റിലൂടെ ഈ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്.

&&&&&&&&&&&&&&&&

## HEADLINE – 3
## INDIA- WORLD BANK

ഇന്ത്യൻ സമ്പദ്വ്യവസ്ഥ, 2024-ൽ, 7.5 ശതമാനമായി വളരുമെന്ന് ലോകബാങ്ക് . മുൻപ് പ്രവചിച്ചിരുന്ന വളർച്ച നിരക്കിനേക്കാൾ 1.2 ശതമാനം കൂടുതലാണിത്.

ദക്ഷിണേഷ്യയിലെ മൊത്തത്തിലുള്ള സാമ്പത്തിക വളർച്ച ഈ വർഷം ആറ് ശതമാനമാകുമെന്നാണ് വിലയിരുത്തൽ. 2025 ഓടെ ഇത് 6.1 ശതമാനമാകും. ഇന്ത്യയുടെ ശക്തമായ വികസനവും പാക്കിസ്ഥാൻറെയും ശ്രീലങ്കയുടെയും സാമ്പത്തിക തിരിച്ചുവരവുമായിരിക്കും വളർച്ചക്ക് ആധാരം. അടുത്ത രണ്ട് വർഷത്തേക്ക് ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന മേഖലയായി , ദക്ഷിണേഷ്യ തുടരുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

&&&&&&&&&&&&&&&&

## HEADLINE – 4
## SSLC - VALUATION

സംസ്ഥാനത്ത് എസ്.എസ്.എൽ.സി, ടി.എച്ച്.എസ്.എൽ.സി, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷകളുടെ മൂല്യനിർണയത്തിന് ഇന്ന് തുടക്കം. എസ്.എസ്.എൽ.സിക്ക് 70 ക്യാമ്പുകളിലായി 14,000 അധ്യാപകർ പങ്കെടുക്കുന്നു. മൊത്തം 38.5 ലക്ഷം ഉത്തരക്കടലാസുകൾ മൂല്യനിർണയം നടത്തണം. ഹയർ സെക്കൻഡറിയിൽ 77 ക്യാമ്പുകളുണ്ട്. കാൽലക്ഷത്തോളം അധ്യാപകർ പങ്കെടുക്കുന്നു.

&&&&&&&&&&&&&&&&

## NCERT-BOOKS

സ്കൂൾ പുസ്തകങ്ങൾ യഥാസമയം വിതരണം ചെയ്യാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നതായി NCERT. 1, 2, 7, 8, 10 ,12 ക്ലാസുകളിലെ 33 ലക്ഷത്തോളം പുസ്തകങ്ങൾ അച്ചടിച്ച് ലഭ്യമാക്കിയതായി NCERT സമൂഹമാധ്യമത്തിലൂടെ അറിയിച്ചു. മൂന്ന് ആറ് ക്ലാസുകളിലെ പുതിയ പാഠ്യപദ്ധതി അനുസരിച്ചുള്ള

പുസ്തകങ്ങൾ ഏപ്രിൽ, മെയ് മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്നതാണ്. 4, 5, 9 ,11 ക്ലാസുകളിലേക്കുള്ള പുസ്തകങ്ങൾ ഈ മാസം വിപണിയിലെത്തുമെന്നും NCERT അറിയിച്ചു. വിവിധ സംസ്ഥാനങ്ങളിൽ പാഠപുസ്തകങ്ങൾ ലഭിക്കാനില്ല എന്ന റിപോർട്ടുകൾ വന്ന പശ്ചാത്തലത്തിലാണ് NCERT യുടെ മറുപടി.

&&&&&&&&&&&&&&&&

## R K SINGH

വേനൽകാലത്ത് ലോഡ് ഷെഡിങ് ഒഴിവാക്കാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്ന് കേന്ദ്ര ഊർജമന്ത്രി ആർ. കെ സിങ്. ഇതുമായി ബന്ധപ്പെട്ട ചർച്ചകളിൽ പങ്കെടുത്ത കേന്ദ്രമന്ത്രി രാജ്യത്തെ താപ വൈദ്യുത നിലയങ്ങളുടെ ഊർജോത്പാദന ശേഷി വിലയിരുത്തി. താപ വൈദ്യുതി ഉത്പാദന കമ്പനികളുമായും അദ്ദേഹം ചർച്ച നടത്തി.

&&&&&&&&&&&&&&&&

## TRAI

ദേശീയ പ്രക്ഷേപണ നയം 2024 രൂപീകരിക്കുന്നതിൻറെ ഭാഗമായുള്ള കൺസൽട്ടേഷൻ പേപ്പർ ട്രായി പുറത്തിറക്കി. ഇന്ത്യൻ സാമ്പത്തിക രംഗത്തിന് വലിയ തോതിൽ സംഭാവന നൽകാൻ ശേഷിയുള്ളതാണ് പ്രക്ഷേപണ മേഖലയെന്ന വിലയിരുത്തലിൻറെ അടിസ്ഥാനത്തിലാണ് ഈ നടപടി.

&&&&&&&&&&&&&&&&

## J AND K - LG MEETING

ജമ്മു കശ്മീരിൽ ഈദ്, നവരാത്രി, ബൈശാഖി ആഘോഷങ്ങളുമായി ബന്ധപ്പെട്ട തയ്യാറെടുപ്പുകൾ അവലോകനം ചെയ്യാൻ ലെഫ്റ്റനൻറ് ഗവർണർ മനോജ് സിൻഹയുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു. പുണ്യസ്ഥലങ്ങളുടെ സന്ദർശനത്തിനും ഉത്സവങ്ങളുടെ സുഗമമായ നടത്തിപ്പിനും വേണ്ട എല്ലാ നടപടികളും സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ലെഫ്റ്റനൻറ് ഗവർണർ നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&

## HEADLINE – 5

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപ്പിറ്റൽസ് - കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. വൈകിട്ട് 7.30 ന് വിശാഖപട്ടണത്താണ് മത്സരം. ഇതുവരെ നടന്ന രണ്ടു മത്സരങ്ങളും ജയിച്ച കൊൽക്കത്ത പോയിൻറ് പട്ടികയിൽ രണ്ടാമതാണ്. അവസാന രണ്ടു കളിയിൽ പരാജയപ്പെട്ട ഡൽഹിയ്ക്ക് രണ്ടു പോയിൻറ് മാത്രമാണ് ഉള്ളത്.

&&&&&&&&&&&&&&&&

## ISL

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് - ഈസ്റ്റ് ബംഗാൾ പോരാട്ടം. രാത്രി 7.30 ന് കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം. നിലവിൽ പോയിൻറ് പട്ടികയിൽ ബ്ലാസ്റ്റേഴ്സ് അഞ്ചാമതും ഈസ്റ്റ് ബംഗാൾ 11-ാമതുമാണ്.

&&&&&&&&&&&&&&&&

## HEADLINE – 6

## REV. TAIWAN-EARTHQUAKE

തായ്‌വാനിൻ്റെ കിഴക്കൻ തീരത്ത് ഇന്ന് രാവിലെയുണ്ടായ ശക്തമായ ഭൂകമ്പത്തെ തുടർന്ന് മേഖലയിൽ സുനാമി മുന്നറിയിപ്പ്. ഭൂകമ്പത്തിൽ നാല് പേർ മരിക്കുകയും 60 ഓളം പേർക്ക് പരിക്കേൽക്കുകയും ചെയ്തതായാണ് പ്രാഥമിക കണക്കുകൾ. തായ്‌വാനിലെ ഹുവാലിയൻ സിറ്റിയുടെ തെക്ക് ഭാഗത്ത്, പസഫിക് സമുദ്രത്തിൽ 34.8 കിലോമീറ്റർ ആഴത്തിലാണ് ഭൂചലനത്തിൻ്റെ പ്രഭവകേന്ദ്രം. റിക്ടർ സ്കെയിലിൽ 7.4 തീവ്രത രേഖപ്പെടുത്തിയ ശക്തമായ ഭൂകമ്പത്തിൽ നിരവധി കെട്ടിടങ്ങൾ തകർന്നിട്ടുണ്ട്. തായ്‌വാനിൽ കഴിഞ്ഞ 25 വർഷത്തിനിടെയുണ്ടായ ഏറ്റവും ശക്തമായ ഭൂകമ്പമാണിത്. ജപ്പാനിലും ഫിലിപ്പീൻസിലും ഉൾപ്പെടെ സുനാമി മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&

## US-UK-ISRAEL

ഇസ്രായേൽ ആക്രമണത്തിൽ ഗാസയിൽ ഏഴു ജീവകാരുണ്യ പ്രവർത്തകർ കൊല്ലപ്പെട്ടതിനെ ശക്തമായി അപലപിച്ചു അമേരിക്ക , യുകെ നേതൃത്വം. സന്നദ്ധ പ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കാൻ ഇസ്രായേൽ സാധ്യമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന് യുഎസ് പ്രസിഡൻ്റ് ജോ ബൈഡൻ ആരോപിച്ചു. ഇസ്രായേൽ പ്രധാനമന്ത്രിയുമായി ഇന്നലെ സംസാരിച്ച യു.കെ പ്രധാനമന്ത്രി ഋഷി സുനക് വിശദവും സുതാര്യവുമായ അന്വേഷണം ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടു. യുകെ , യുഎസ് , കാനഡ, ഓസ്ട്രേലിയ, പോളണ്ട് എന്നിവിടങ്ങളിൽ നിന്നുള്ള ജീവകാരുണ്യ

പ്രവർത്തകരാണ് ഇന്നലെ നടന്ന ആക്രമണത്തിൽ കൊല്ലപ്പെട്ടത്. എന്നാൽ സംഭവത്തിൽ സ്വതന്ത്രമായ അന്വേഷണം ഉറപ്പാക്കുമെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ഉറപ്പുനൽകി.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&